


# പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാൾ

ബ്ര. തോമസ് മുതുകാട്ടിൽ MCBS

Vol. 11, Issue: 16

**മി**ശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

ഒരിക്കൽ വി. കൊച്ചുത്രേസ്യാ തന്റെ പ്രാർത്ഥനാവേളയിൽ പരിശുദ്ധ മറിയത്തോട് ഇപ്രകാരം പറഞ്ഞു: ‘‘ഓ, മറിയമേ... ഞാൻ നിന്നേക്കാൾ ഭാഗ്യവതിയാണ്. കാരണം, എനിക്ക് സ്വർഗ്ഗത്തിൽ സഹായത്തിന് ഒരമ്മയായി അങ്ങുണ്ടല്ലോ. നിനക്ക് അങ്ങനെയൊരു അമ്മ ഉണ്ടായിരുന്നില്ലല്ലോ.’’

നമ്മുടെ ആത്മീയജീവിതയാത്രയിൽ എന്നും നമ്മെ സഹായിക്കാനും വഴിനടത്താനുമായി ദൈവം നൽകിയിരിക്കുന്ന സ്വർഗ്ഗീയദാനമായ പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷിക്കുന്ന ആനന്ദം നിറഞ്ഞ ഈ സുദിനത്തിൽ പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു.

സാധാരണഗതിയിൽ, വിശുദ്ധരുടെ ജനനത്തിരുനാൾ ആചരിക്കാറില്ല; അവരുടെ മരണദിവസമാണ് തിരുനാളായി ആചരിക്കാറുള്ളത്. എന്തായിരിക്കും ഇതിനു കാരണം? വിശുദ്ധർ ആരും വിശുദ്ധരായിട്ടല്ല ജനിച്ചത്. അവർ വിശുദ്ധരായി മരിക്കുകയാണ് ചെയ്തത്. മറിയത്തെ സംബന്ധിച്ച് അവൾ ജനിച്ചതും വിശുദ്ധയായി മരിച്ചതും വിശുദ്ധയായിത്തന്നെ.

നാലാം നൂറ്റാണ്ടു മുതലേ ഈ തിരുനാൾ പൗരസ്ത്യസഭയിൽ പ്രത്യേകിച്ച്, സിറിയയിൽ ആരംഭിച്ചിരുന്നു. പരിശുദ്ധ മറിയത്തിന്റെ ജനനത്തെക്കുറിച്ചോ ബാല്യകാലത്തെക്കുറിച്ചോ വിശുദ്ധ ഗ്രന്ഥത്തിൽ പരാമർശങ്ങളൊന്നുമില്ല. ഏതാണ്ട് എ.ഡി. 150 കാലഘട്ടങ്ങളിൽ രചിക്കപ്പെട്ട അപ്രമാണികഗ്രന്ഥമായ ‘യാക്കോബിന്റെ ആദ്യസുവിശേഷത്തിൽ’ നിന്നും, സഭാപാരമ്പര്യങ്ങളിൽ നിന്നും, സഭാപിതാക്കന്മാരുടെ പഠനങ്ങളിൽ നിന്നും വി. ജോൺ ഡമാസിന്റെ പ്രസംഗങ്ങളിൽ നിന്നുമൊക്കെയാണ് മറിയത്തിന്റെ ജനനത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചും മാതാപിതാക്കളെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്.

ദാവീദിന്റെ ഗോത്രത്തിൽപ്പെട്ടവനായിരുന്ന യൊവാക്കിം അതേ ഗോത്രത്തിൽപ്പെട്ടവളായിരുന്ന അന്നായെ വിവാഹം കഴിച്ചു. ദൈവത്തെ സ്നേഹിച്ചും ദൈവകൽപനകൾ പാലിച്ചും ഒരു വിശുദ്ധജീവതം നയിച്ചുപോന്നിരുന്ന ദമ്പതികളായിരുന്നു അന്നായും യൊവാക്കിമും. ‘യാക്കോബിന്റെ സുവിശേഷം’ എന്ന അപ്രമാണികഗ്രന്ഥത്തിൽ പറയുന്ന വിവരണമനുസരിച്ച്, ഇരുവർക്കും മക്കളില്ലാതിരുന്നതു നിമിത്തം അവർ അത്യധികം ഹൃദയവേദന അനുഭവിച്ചിരുന്നു. വാർദ്ധക്യത്തിലെത്തിയ അവർ തങ്ങളുടെ സ്വത്തിൽ കുറേ ബന്ധുക്കൾക്കും കുറച്ചുഭാഗം ദൈവാലയത്തിനും നൽകാൻ തീരുമാനിച്ചു. ഈ അപേക്ഷയുമായി യൊവാക്കിം മഹാപുരോഹിതനെ സമീപിച്ചു. അക്കാലത്ത്, സന്താനരാഹിത്യം ഒരു ശാപമായി കരുതിയിരുന്നതിനാൽ അവരുടെ സ്വത്തുക്കൾ ദൈവാലയത്തിൽ സ്വീകരിക്കില്ലെന്ന് പുരോഹിതൻ അറിയിച്ചു. ഇതോടുകൂടി തീർത്തും ദുഃഖിതനായ യൊവാക്കിം, ദൈവം തന്നെ സന്ദർശിക്കുന്നതുവരെ വെള്ളം പോലും കുടിക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെ വീട്ടിൽ നിന്നും മാറി മറ്റൊരിടത്ത് കുടിൽ കെട്ടി നോമ്പും ഉപവാസവും പ്രാർത്ഥനയും ആരംഭിച്ചു. അങ്ങനെ നീണ്ട 40 ദിനങ്ങൾക്കുശേഷം യൊവാക്കീമിന് ഒരു

മാലാഖ പ്രത്യക്ഷപ്പെട്ട്, ''നിനക്കൊരു കുഞ്ഞ് ജനിക്കും'' എന്ന് അറിയിച്ചു.

ഇതേസമയം തന്റെ ഭർത്താവിനെ കാണാതെ വലിയ ദുഃഖത്തിലും കണ്ണീരിലുമായി കഴിഞ്ഞിരുന്ന അന്നയ്ക്കും മാലാഖ പ്രത്യക്ഷപ്പെട്ട് ഇതേ സന്തോഷവാർത്ത അറിയിച്ചു. പിന്നീട് അന്ന ഗർഭം ധരിച്ച് ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. അവർ അവൾക്ക് മറിയം എന്ന് പേരിട്ടു. മറിയത്തെ ഗർഭം ധരിക്കുന്നതിനു മുമ്പേ യൊവാക്കിം - അന്ന ദമ്പതിമാർ, തങ്ങൾക്ക് ഒരു കുഞ്ഞിനെ നൽകിയാൽ അതിനെ ദൈവാലയത്തിൽ ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിക്കാമെന്ന് നേർച്ച നേർന്നിരുന്നു. കുഞ്ഞിന് മൂന്ന് വയസ്സായതിനുശേഷം അവർ അവളെ ദൈവാലയത്തിൽ കൊണ്ടുപോയി പ്രധാനപുരോഹിതനെ ഏൽപിച്ച് ദൈവത്തിനു സമർപ്പിച്ചു. അവൾ വളർന്നത് ദൈവാലയവുമായി ബന്ധപ്പെട്ടുള്ള ഒരു പശ്ചാത്തലത്തിലായിരുന്നു. ദൈവവചനം കേൾക്കാനും പഠിക്കാനും അതിനനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്താനും ശൈശവം മുതലേ അത് അവളെ സഹായിച്ചു.

ഉന്നതമായ വിളി ലഭിച്ചവൾ എന്ന നിലയിൽ മറിയത്തെ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദൈവം മുമ്പേ തന്നെ ആരംഭിച്ചു തുടങ്ങിയിരുന്നു. ദൈവികപദ്ധതികൾക്കും പ്രവചനങ്ങൾക്കുമനുസരിച്ച് ദൈവഹിതത്തോട് സഹകരിക്കാൻ ദൈവവചനത്തിലുള്ള ആഴമായ അറിവ് അവൾക്ക് ആവശ്യമായിരുന്നതിനാൽ ദൈവം അവളെ ദൈവാലയത്തിൽ വളരാൻ ഇടയാക്കി.

ഭാവിയിൽ, ഹൃദയം പിളർക്കുന്ന വേദനാജനകമായ അനുഭവങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ട് സ്വർഗ്ഗപിതാവിന്റെ തിരുഹിതത്തോട് സഹകരിക്കാനും മനസ്സു തളരാതെ പിടിച്ചുനിൽക്കാനും തക്കവിധം ധീരയായ ഒരു സ്ത്രീയായി അവൾ മാറിയത്, എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്ന, ധ്യാനിക്കുന്ന ഒരു പതിവ് ബാല്യത്തിലേ അവൾ ആർജ്ജിച്ചതിനാലാണ്.

കുറ്റിക്കൽ അച്ചന്റെ വാക്കുകളിൽ പറഞ്ഞാൽ, "Every Problem is a Mystery" - നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ഓരോ സംഭവവും ഓരോ യാദൃശ്ചികസംഭവങ്ങളല്ല. അതൊരു Mystery ആണ്. എന്തൊക്കെയോ അതിന്റെ പിന്നിൽ, ദൈവത്തിന്റെ മനസ്സിൽ മറഞ്ഞുകിടക്കുന്നുണ്ട്. നമ്മുടെ ബുദ്ധിക്കും ചിന്തയ്ക്കും അഗ്രാഹ്യമായ ഒരു രഹസ്യം. അതിനെ ചോദ്യം ചെയ്യാതെ ദൈവത്തിന് പ്രവർത്തിക്കാനായി സ്വയം സഹകരിച്ച് വിട്ടുകൊടുത്താൽ, ക്ഷമയോടെ കാത്തിരുന്നാൽ രഹസ്യത്തിന്റെ മറ നീക്കി 'ദൈവിക ഇടപെടലുകളുടെ കരങ്ങളും വിസ്മയകരമായ അത്ഭുതങ്ങളും' നാം ദർശിക്കും.

ഓരോ സമയത്തും സാഹചര്യത്തിലും നമ്മെ ചലഞ്ച് ചെയ്യുന്ന പ്രശ്നങ്ങൾ പലതുമാകാം. മറിയത്തപ്പോലെ, അവയൊക്കെ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചാൽ ഹൃദയത്തെ പ്രകാശിപ്പിക്കുന്ന ഒട്ടേറെ ജ്ഞാനരഹസ്യങ്ങളും ഉൾക്കാഴ്ചകളും ദൈവം നൽകും. അത് നമ്മുടെ വീക്ഷണങ്ങളെയും മനോഭാവങ്ങളെയും മാറ്റും. ദൈവസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ജ്വലനം ഹൃദയത്തിലുണ്ടാകാൻ ഇത് കാരണമാവുകയും ക്ഷമയോടെ ദൈവഹിതത്തോട് സഹകരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും. 'ദൈവഹിതത്തിനനുസരിച്ച് നാം വഹിക്കുന്ന' കുരിശിന്റെ ഭാരം കുറയ്ക്കും. ആനന്ദത്തോടെയും ധീരതയോടെയും വെല്ലുവിളികളെ നേരിടാനും ഇത് നമ്മെ ശക്തരാക്കും.

യൊവാക്കിമിന്റെയും അന്നായുടെയും നിരന്തരമായ പ്രാർത്ഥനയ്ക്ക് ദൈവം കൊടുത്ത ഉത്തരമാണ് പരിശുദ്ധ മറിയം. യാക്കോബിന്റെ സുവിശേഷം പറയുന്നതനുസരിച്ച്, വന്ധ്യതയുടെ ദുഃഖം പേറി കഴിഞ്ഞിരുന്ന അവർ നിരന്തരം ദൈവാലയത്തിൽ പ്രാർത്ഥിച്ചിരുന്നു എന്നാണ്. നിരന്തരമായ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകി; ആ ഉത്തരമാണ് പരിശുദ്ധ മറിയം. ആരൊക്കെ ദൈവസന്നിധിയിൽ പ്രത്യാശ കൈവിടാതെ നിരന്തരം പ്രാർത്ഥിക്കുന്നുവോ അവരുടെയെല്ലാം ജീവിതത്തിൽ ദൈവം പരിശുദ്ധ മറിയത്തെ സമ്മാനമായി നൽകുന്നു. പരിശുദ്ധ മറിയത്തെ ലഭിച്ചപ്പോഴാണ് അന്നായുടെയും യൊവാക്കിമിന്റെയും കണ്ണീർ തോർന്നത്.

ആകാശപ്പറവകളുടെ പിതാവായ കുറ്റിക്കലച്ചൻ ഈ ശുശ്രൂഷ ആരംഭിക്കുന്നത്, തൃശ്ശൂർ ചെന്നായ്പ്പാറയിലുള്ള ആദ്യത്തെ ആശ്രമത്തിന് തുടക്കമിട്ടുകൊണ്ടാണ്. ഇത് പെട്ടെന്നു തുടങ്ങിയ ഒന്നല്ല. ഒട്ടേറെ ഹൃദയവേദനയുടെയും കാത്തിരിപ്പിന്റെയും പരിശ്രമഫലമായിരുന്നു ഇതിനു പിന്നിൽ. കയ്യിൽ പണമൊന്നുമില്ലാത്ത അച്ചൻ ഇതിനുവേണ്ടി അനേക മാസങ്ങളും വർഷങ്ങളും ത്യാഗമെടുത്ത് കണ്ണീരോടെ പ്രാർത്ഥിച്ചു. ഒരു ദിവസം കുർബാനമദ്ധ്യേ അച്ചൻ ഒരു സംഭാഷണം കേട്ടു. ഈശോ മറിയത്തോട് നടത്തിയ ഒരു സംഭാഷണം: ''അമ്മേ, തെരുവിലലയുന്ന എന്റെ മക്കൾക്കുവേണ്ടി കുരിശെടുക്കുന്ന അച്ചന്റെ, കുരിശിന്റെ വഴിയിലും കുരിശിന്റെ ചുവട്ടിലും അമ്മയുണ്ടാകണം'' എന്ന്. അന്നുമുതൽ കുറ്റിക്കലച്ചന്റെ ശുശ്രൂഷാജീവിതത്തിൽ പരിശുദ്ധ മറിയത്തിന്റെ സാന്നിദ്ധ്യവും മാദ്ധ്യസ്ഥ്യവും അച്ചന് ശക്തമായി അനുഭവപ്പെട്ടു തുടങ്ങി.

ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകുമ്പോൾ പരിശുദ്ധ അമ്മയോട് ചേർന്നുനിൽക്കുക, അവളുടെ സഹായം വിളിച്ചപേക്ഷിക്കുക. പരിശുദ്ധ ജപമാലയിലൂടെ പരിശുദ്ധ മറിയത്തോട് ചേർന്നുനിൽക്കാം. 1990 - കളിൽ അയർലണ്ടിലെ ഡബ്ലിനടുത്തുള്ള റഹേനിയിൽ പരിശുദ്ധ മറിയം നൽകിയ സന്ദേശങ്ങളിൽ നിന്നുമുള്ള ഒരു വാക്യം ഇപ്രകാരമാണ്: ''ജപമാലയിലൂടെ മാത്രമേ നിനക്ക് എന്നെ സന്തോഷിപ്പിക്കാനാകൂ.'' ആകയാൽ പരിശുദ്ധ മറിയത്തോട് ചേർന്നുനിന്ന് സാത്താനെതിരെയുള്ള യുദ്ധത്തിൽ ജപമാല പ്രാർത്ഥനയിൽ നമുക്ക് മുന്നണിപ്പോരാളികളാകാം.

ദൈവം നമ്മെ സമൃദ്ധമായി ഈ ദിനത്തിന്റെ കൃപകൾ നൽകി അനുഗ്രഹിക്കട്ടെ.